(ഇ) 7–6–1983–ലെ ഗവൺമെൻറ് ഉത്തരവ് (എം. എസ്.) 18/83/ഹൗസിംഗ് അനുസരിച്ച് ഹഡ്കോയിൽനിന്നുള്ള വായ്പയും ഗവൺമെൻറിൽ നിന്ന് ലഭിക്കുന്ന വായ്പയും സബ്സിഡിയും ഉപയോഗിച്ചാണ് പത്രപ്രവർത്തകർക്ക് വീട് നിർമ്മിച്ചു നൽകുന്നത്. പത്രപ്രവർത്തകരായ ഗുണഭോക്താക്കളെ എം. ഐ. ജി. 1, എം. ഐ. ജി. 2 എന്നീ രണ്ടു ഗ്രൂപ്പുകളായി തരം തിരിച്ചിരിക്കുന്നു. എം. ഐ. ജി. 1 വിഭാഗത്തിൽപ്പെടുന്നവർക്ക് 56,000 രൂപ ചെലവുള്ള വീടാണ് നിർമ്മിച്ച് നൽകുന്നത്. ഇതിൽ 20,000 രൂപ ഹഡ്കോ ലോണും 15,000 രൂപ ഗവൺമെൻറ് ലോണും 14,000 രൂപ സബ്സിഡിയും 7,000 രൂപ ഗുണഭോക്താവിൻെറ വിഹിതവുമാണ്. എം. ഐ. ജി. 2 വിഭാഗത്തിലുൾപ്പെടുന്ന പത്രപ്രവർത്തകർക്ക് 80,000 രൂപവരെ ചെലവുള്ള വീടാണ് നിർമ്മിച്ചു നൽകുക. ഇതിൽ 29,000 രൂപ ഹഡ്കോ ലോണും 21,000 രൂപ ഗവൺമെൻറ് ലോണും 20,000 രൂപ സബ്സിഡിയും 10,000 രൂപ ഗുണഭോക്താവിൻെറ വിഹിതവുമാണ്. ലോണായി ലഭ്യമാക്കുന്ന തുക 15 വർഷംകൊണ്ട് 12.5% പലിശയോടെ തിരിച്ചടച്ചാൽ മതി.

(എഫ്) സംസ്ഥാനത്തിന് പുറത്തുള്ള പത്രപ്രവർത്തകർക്കാർക്കുംതന്നെ പാലക്കാട് വീടുവച്ചു നൽകിയിട്ടില്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

'മേലത്തുമേലെ' ഹൗസിംഗ് സ്കീം

653 [616] ശ്രീ. പി. സി. ജോർജ്ജ്: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം താലൂക്കിൽ രണ്ടാമട വില്ലേജിലുള്ള 'മേലത്തുമേലെ' ഹൗസിംഗ് സ്കീമിൻെറ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിൽ ഇരിക്കുന്നു എന്ന്, വ്യക്തമാക്കാമോ?

ഉത്തരം

'മേലത്തുമേലെ' ഭവനനിർമ്മാണപദ്ധതിക്കുവേണ്ടി സ്ഥലം പൊന്നുംവിലകൊടുക്കുന്നത് സംബന്ധിച്ച് ലാൻറ് അക്വിസിഷൻ ആക്ട് അനുസരിച്ചുള്ള പ്രഖ്യാപനം (ഡിക്ലറേഷൻ) പരസ്യപ്പെടുത്തിയിട്ടുണ്ട്. കഴിയുന്നത്ര വേഗത്തിൽ അവാർഡ് പാസ്സാക്കി സ്ഥലം പൊന്നുംവിലയ്ക്കെടുക്കേണ്ടതിനുള്ള നടപടികൾ എടുത്തുവരുന്നു.

ദുർബ്ബല വിഭാഗങ്ങൾക്ക് സ്വന്തം വീടുപദ്ധതി നടപ്പാക്കപ്പെടുന്ന ജില്ലകൾ

654 [617] ശ്രീ. കൊരമ്പയിൽ അഹമ്മദ്ഹാജി:
,, കെ. പി. എ. മജീദ്:
,, പി. എം. അബൂബക്കർ:
,, പി. സീതിഹാജി:
,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുർബ്ബലവിഭാഗത്തിനുള്ള സ്വന്തം വീടുപദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly